DEENIYAT EDUCATIONAL BOARD

# ലഘുപരിചയവും, നിയമാവലിയും


ദീനിയ്യാത്ത് എഡ്യുക്കേഷണൽ ബോർഡ്

കായംകുളം, ആലപ്പുഴ, കേരള, പിൻ : 690 502

## വിഷൻ

സത്യവിശ്വാസം, സൽസ്വഭാവം, സാമൂഹികപ്രതിബദ്ധത എന്നീ ഗുണങ്ങളുള്ള തലമുറകളെ വളർത്തിയെടുക്കുക.

## മിഷൻ

ഗുണമേന്മയുള്ള ദീനീവിജ്ഞാനവും ആത്മസംസ്കരണവും നൽകുന്ന വ്യവസ്ഥാപിത പ്രാഥമിക മദ്രസകൾ സംവിധാനിക്കുക.

# മേൽ പറഞ്ഞ ലക്ഷ്യപൂർത്തീകരണത്തിനായി പ്രവർത്തിക്കുന്ന മേഖലകൾ

## ▸ സിലബസ്

ആവശ്യമായ ദീനീ അറിവുകൾ പ്രായത്തിന് അനുയോജ്യമായ നിലയിൽ, ഏറ്റവും എളുപ്പത്തിലും ആകർഷണീയതയോടെയും ലഭ്യമാക്കാൻ നിരന്തരമായ ഗവേഷണ പഠനങ്ങളിലൂടെ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇതിനായി സുസജ്ജമായ R & D വിഭാഗം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

## ▸ മദ്റസകൾ

മദ്രസകളിൽ  പൂർണ്ണ സൗകര്യവും പഠനാന്തരീക്ഷവും ഉറപ്പാക്കിക്കാൻ പരിശ്രമിക്കുന്നു.ഇതിനായി ഓരോ രണ്ട് മാസത്തിലും മുആവിൻ മദ്രസ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തുകയും മികവിനനുസരിച്ച് മദ്റസക്ക് ഗ്രേഡ് നൽകുകയും ചെയ്യുന്നു.

## മാനേജ്മെന്റ്

മദ്റസാ മാനേജ്മെന്റിൽ മദ്രസാ സേവനത്തിനുള്ള താൽപ്പര്യവും സന്നദ്ധതയും നിലനിറുത്താൻ പരിശ്രമിക്കുന്നതിനോടൊപ്പം മദ്റസയെ ഒരു മാതൃകാ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള പരിശീലനം നൽകുന്നു. ഇതിനായി അവലംബിക്കുന്ന മാർഗ്ഗങ്ങൾ : 1 .വ്യവസ്ഥാപിത മദ്രസയെ പരിചയപ്പെടുത്തുന്നതിനുള്ള ബേസിക് ട്രെയിനിംഗ് 2 . കൃത്യമായ ഇടവേളകളിൽ നടക്കുന്ന റിഫ്രഷ്മെന്റ് ട്രെയിനിംഗുകൾ 3 . മാസാന്ത്യ കൂടിയാലോചനാ യോഗങ്ങൾ 4 മുആവിന്റെ കൂടിക്കാഴ്ചകൾ.

## മുഅല്ലിം

അധ്യാപനത്തിലും തർബിയത്തിലും നൈപുണ്യം നേടാൻ സഹായിക്കുന്നു. മദ്രസാ സേവനത്തിനുള്ള സന്നദ്ധത വളർത്തിയെടുക്കാൻ ശ്രമിക്കുന്നു. 1 .വ്യവസ്ഥാപിത മദ്റസയെ പരിചയപ്പെടുത്തുന്നതിനുള്ള ബേസിക് ട്രെയിനിംഗ് 2 . കൃത്യമായ ഇടവേളകളിൽ നടക്കുന്ന റിഫ്രഷ്മെന്റ് ട്രെയിനിംഗുകൾ 3 . മാസാന്ത്യ കൂടിയാലോചനാ യോഗങ്ങൾ 4 മുആവിന്റെ കൂടിക്കാഴ്ചകൾ.

## വിദ്യാർത്ഥികൾ

ശരിയായ വിജ്ഞാനം പഠിപ്പിക്കാനും കർമ്മങ്ങൾ പരിശീലിപ്പിക്കാനും അധ്യാപകരെ പ്രാപ്തരാക്കുന്നതോടൊപ്പം സാമൂഹിക വിഷയങ്ങളിൽ അവബോധം നൽകുന്നതിനുള്ള സന്ദേശങ്ങൾ കൈമാറുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗ കഴിവുകളെ ഇസ്‌ലാമികമായി വികസിപ്പിക്കുന്നതിനുള്ള പ്രോഗ്രാമുകളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

## മാതാപിതാക്കൾ

വിദ്യാർത്ഥികളുടെ പഠനത്തിലും പരിശീലനത്തിലും മാതാപിതാക്കളെയും പങ്കാളികളാക്കുന്ന വിധത്തിൽ സിലബസിന്റെ ഘടന തയ്യാറാക്കിയിരിക്കുന്നു.ഓരോ മാസാന്ത്യവും വിദ്യാർത്ഥികളുടെ പഠന പുരോഗതി വിലയിരുത്താൻ സഹായകരമാകുന്ന ചോദ്യോത്തരങ്ങൾ, നമസ്കാരം നിലനിറുത്തുവാനുള്ള നമസ്കാര ചാർട്ട് , നന്മകളുടെ പരിശീലനത്തിനുള്ള അമൽ ചാർട്ട് എന്നിവ മാതാപിതാക്കളുടെ കൂടി മേൽനോട്ടം ലഭിക്കുന്ന വിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ഇക്കാര്യങ്ങൾ മാതാപിതാക്കളെ ബോധവത്കരിക്കുന്നതിന് കൃത്യമായ ഇടവേളകളിലെ പാരന്റ്സ് മീററിംഗും മീററിംഗും ദീനിയാത്ത് സിസ്റ്റത്തിന്റെ ഭാഗമാണ്.

## കാലയളവ്

നഴ്സറി രണ്ട് വർഷം, പ്രൈമറി ഏഴ് വർഷം, സെക്കന്ററി മൂന്ന് വർഷം, അഡ്വാൻസ് കോഴ്സ് അഞ്ച് വർഷം, മുതിർന്നവർക്കുള്ള ബാലിഗാൻ കോഴ്സ് മൂന്ന് വർഷം എന്നിങ്ങനെയാണ് നിലവിൽ കോഴ്സ് ഘടന. ഓരോ കോഴ്സുകൾക്കും പരീക്ഷയും സർട്ടിഫിക്കറ്റും  നൽകി വരുന്നു. കൂടാതെ വെക്കേഷൻ കോഴ്സ് , മുഅല്ലിം കോഴ്സ് എന്നീ ഹ്രസ്വ കാല കോഴ്സുകളും നടക്കുന്നു.

## അടിസ്ഥാന സൗകര്യങ്ങളും ഗ്രേഡിങ്ങും

നിർണ്ണിത കാലയളവിൽ ഇൻസ്പെക്ഷനിലൂടെ സ്ഥാപനങ്ങൾക്ക് ഗ്രേഡും, മാർക്കും നൽകുകയും റിമാർക്കുകൾ  ചൂണ്ടികാണിക്കുകയും ചെയ്യുന്ന അസസ്മെന്റ് രീതി ദീനിയ്യാത്ത് പിന്തുടരുന്നു. മികവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ A+, A, B+, B, C+,

C എന്നിങ്ങനെ തരംതിരിക്കുകയും ഗ്രേഡ് പട്ടിക ദീനിയ്യാത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

### പ്രവൃത്തി ദിനങ്ങൾ

ഒരു ദിവസം ഒരു മണിക്കൂർ പതിനഞ്ച് മിനിറ്റ് വീതമുള്ള പിരീഡ് സംവിധാനം. ആഴ്ചയിൽ ആറ് പ്രവൃത്തി ദിനങ്ങൾ.

വർഷത്തിൽ 240പ്രവൃത്തി ദിനങ്ങൾ. ഇവകളുടെ രീതി വ്യക്തമാക്കുന്ന അക്കാദമിക് കലണ്ടറുകൾ വർഷ ആരംഭത്തിൽ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യപ്പെടുന്നു.

## നിയമാവലി

### മാനേജ്മെന്റ്

1. വ്യവസ്ഥാപിത മദ്രസകളിലൂടെ മുസ്ലിം സമുദായത്തിനും മുഴുവൻ ലോകത്തിനും സേവനം ചെയ്യുകയാണ് നമ്മുടെ ലക്ഷ്യം. ഈ ദൗത്യ നിർവ്വഹണത്തിന് നിഷ്കളങ്കമായ നിയ്യത്തും സമർപ്പണ മനോഭാവവും ഉള്ള ഒരു മാനേജ്മെന്റ് ആവശ്യമാണ്. മദ്രസയുടെ ഭാരവാഹികളായി മേൽപ്പറഞ്ഞ ഗുണങ്ങൾ ഉള്ളവരും മദ്രസാ പ്രവർത്തനത്തിന് ആവശ്യമായ അളവിൽ സമയത്തെ ചെലവഴിക്കാൻ സമയം ലഭിക്കുന്നവരുമായ ഒരു ടീം ഉണ്ടായിരിക്കണം.
2. മദ്രസാ ഭാരവാഹികൾ ദീനിയാത്ത് ബേസിക് ട്രെയിനിംഗിൽ പൂർണ്ണമായി പങ്കെടുത്തവർ ആയിരിക്കണം
3. ദീനിയാത്ത് നടത്തുന്ന റിഫ്രഷ്മെന്റ് ട്രെയിനിംഗുകൾ, കൂടിയാലോചന യോഗങ്ങൾ എന്നിവയിൽ അറിയിപ്പ് ലഭിക്കുന്നതനുസരിച്ച് നിർബന്ധമായി പങ്കെടുക്കണം.

4. മുആവിന്റെ സന്ദർശന വേളയിൽ കുറഞ്ഞത് ഒരു ഭാരവാഹി യെങ്കിലും സന്നിഹിതനായിരിക്കണം.
5. മദ്രസയുടെ മീറ്റിങ്ങുകളിൽ ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.
6. മദ്രസാ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക പിന്തുണ നൽകേണ്ടത് ഭാരവാഹികളുടെ ബാധ്യതയാണ്.
7. മദ്രസാ മുതവല്ലി മദ്രസയുടെ പരിപാലനത്തിന് മാനേജ്മെന്റ് പ്രതിനിധിയെ നിശ്ചയിക്കുകയാണെങ്കിൽ  അത് രേഖാമൂലം സ്റ്റേറ്റ് സെന്ററിൽ അറിയിക്കണം.മഹല്ലുകളിൽ മഹല്ല് കമ്മിറ്റിയു ടെ ഭാഗത്ത് നിന്നും മദ്രസാ കമ്മിറ്റിയെ തീരുമാനിക്കേണ്ടതാണ്.
8. ദീനിയ്യാത്ത് എഡ്യൂക്കേഷണൽ ബോർഡും മദ്രസകളും തമ്മിൽ അക്കാദമികമായ സഹകരണം മാത്രമായിരിക്കും. മദ്റസാ മാ നേജ്മെന്റിന്റെയും ട്രസ്റ്റിന്റെയും മറ്റു പ്രവർത്തന മേഖലകളിലും ആഭ്യന്തര കാര്യങ്ങളിലും ബോർഡിന് ഉത്തരവാദിത്വം ഉണ്ടാ യിരിക്കുന്നതല്ല.
9. മദ്രസ ആരംഭിക്കുന്നതിന് നിയമപരമായി ആവശ്യമുള്ള എല്ലാ അനുമതികളും ബന്ധപ്പെട്ട അധികാരികളിൽ നിന്നും നേടിയിരി ക്കണം.
10. മദ്രസാ പ്രസ്ഥാനത്തെ വ്യവസ്ഥാപിതവും സജീവവുമാക്കാനുള്ള പരിശ്രമമാണ് ദീനിയ്യാത്ത്. അതിനാൽ മദ്രസാ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകപ്പെടുന്ന എല്ലാ നിർദേശങ്ങളും പാലിക്കാൻ മദ്രസ മാനേജ്മെന്റ് ബാധ്യസ്ഥരാണ്.
11. സ്ഥാപനത്തിന്റെയും സ്ഥാപനവുമായി ബന്ധപ്പെട്ടവരുടെയും സാമ്പത്തിക സ്രോതസ്സുകൾ ഇസ്‌ലാമിക ശരീഅത്തിന് അനുസൃ തമായിരിക്കണം.
12. ഇന്ത്യൻ ഭരണഘടനക്കും നിയമ വ്യവസ്ഥിതിക്കും  വിരുദ്ധമാ കുന്ന പ്രവർത്തനങ്ങൾ മദ്രസയിൽ നടക്കാൻ പാടുള്ളതല്ല.

## മുഅല്ലിം

1. സേവന മനോഭാവവും നിശ്ചിത യോഗ്യതയുള്ളവരെ മുഅല്ലിം - മുഅല്ലിമകളായി നിയമിക്കാൻ മാനേജ്മെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

   **യോഗ്യത :**

   - **പ്രായപരിധി :** മുഅല്ലിം കുറഞ്ഞത് 20 വയസ്സ്, മുഅല്ലിമ കുറഞ്ഞത് 17 വയസ്സ്
   - **പ്രൈമറി ഘട്ടം :** തജ്‌വീദ് അനുസരിച്ച് ഖുർആൻ പാരായണം ചെയ്യാനുള്ള ഗ്രാഹ്യം, അടിസ്ഥാന ദീനീ വിദ്യാഭ്യാസം ലഭിക്കുക (അറബിക് കോളേജിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പഠനം പൂർത്തിയാക്കുക, ദീനിയാത്ത് ബാലിഗാൻ കോഴ്സ് പൂർത്തിയാക്കുക, ദീനിയാത്ത് മുഅല്ലിം കോഴ്സ് പൂർത്തിയാക്കുക എന്നീ യോഗ്യതകളിൽ ഒന്ന് ഉണ്ടായിരിക്കണം)
   - **സെക്കണ്ടറി ഘട്ടം :** ആലിമായിരിക്കുക
   - ദീനിയാത്ത് ബേസിക് ട്രെയിനിംഗ് പാസാവുക

2. ഓരോ ക്ലാസ്സിനും ആനുപാതികമായി അധ്യാപകരെ നിയമിക്കേണ്ടതാണ്.ഒരു ഡിവിഷനിൽ പരമാവധി 18 വിദ്യാർത്ഥികളെ വരെ പ്രവേശിപ്പിക്കാവുന്നതാണ്.
3. ഒമ്പത് വയസ്സ് പ്രായമെത്തിയ പെൺകുട്ടികളെ പഠിപ്പിക്കുന്നതിന് മുഅല്ലിമകളെ (അധ്യാപിക) നിയമിക്കണം.അവരെ പുരുഷ അധ്യാപകർ പഠിപ്പിക്കാൻ പാടില്ല.
4. ദീനിയാത്ത് ട്രെയിനിംഗ് പാസായവരെ നിയമിക്കാൻ ശ്രമിക്കുക, അടിയന്തര സാഹചര്യത്തിൽ ട്രെയിനിംഗ് നേടാത്തവരെ നിയമിക്കേണ്ടി വന്നാൽ ശേഷമുള്ള ആദ്യത്തെ ട്രെയിനിംഗിൽ തന്നെ അവരെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുകയും

ട്രെയ്നിംഗ് എക്സാം പാസായി എന്ന് ഉറപ്പിക്കുകയും ചെയ്യുക.

5. ദീനിയാത്ത് നടത്തുന്ന എല്ലാ ട്രെയിനിംഗുംകളിലും അധ്യാപക യോഗങ്ങളിലും നിർദ്ദേശാനുസരണം മുഅല്ലിമുകളും മുഅല്ലിമകളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.മാനേജ്മെന്റ് അതിന് തടസ്സം നിൽക്കാൻ പാടില്ല

6. മുആവിന്റെ സന്ദർശന വേളയിൽ അധ്യാപകർ കൂടെയുണ്ടാവേണ്ടതും നിർദ്ദേശിക്കുന്ന റിപ്പോർട്ടുകൾ നൽകേണ്ടതുമാണ്.

7. മുആവിന്റെ സന്ദർശനം മദ്രസയുടെ നിലവാര പുരോഗതിക്ക് വേണ്ടിയുള്ളതാണെന്നതിനാൽ അദ്ദേഹത്തിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുകയും പ്രയോജനപ്രദമായ അഭിപ്രായങ്ങൾ പങ്കു വെക്കുകയും ചെയ്യുക.

8. മുഅല്ലിം - മുഅല്ലിമക്ക്  ഏറ്റവും മികച്ച ഹദ് യയും ആനുകൂല്യങ്ങളും ഉറപ്പാക്കാൻ മാനേജ്മെന്റ് ബാധ്യസ്ഥരാണ്. മദ്രസ സേവനത്തിന് പ്രത്യേകമായി തന്നെ ഹദ്യ കണക്കാക്കേണ്ടതാണ്.

9. സേവന - വേതന വ്യവസ്ഥകളിൽ ഇരു കൂട്ടരും വ്യക്തമായ നിലയിൽ രേഖാമൂലം ധാരണയിൽ എത്തേണ്ടതാണ്.

10. ദീനിയാത്ത് സിലബസിന് അനുഗുണമായി നിർദ്ദേശിക്കപ്പെടുന്ന നിലയിൽ അധ്യാപന - സംസ്കരണ പ്രവർത്തനങ്ങൾ നടത്താൻ അധ്യാപകർ ബാധ്യസ്ഥരാണ്.

11. അദ്ധ്യയന വർഷത്തിനിടയിൽ മുഅല്ലിം മാറി വരുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുമെന്നതിനാൽ തക്കതായ കാരണമില്ലാതെ മുഅല്ലിം സേവനത്തിൽ നിന്നും പിന്മാറാതിരിക്കാനും മാനേജ്മെന്റ് മുഅല്ലിമിനെ ഒഴിവാക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

- അദ്ധ്യയന വർഷത്തിനിടയിൽ അകാരണമായി മുഅല്ലിമിനെ മാറ്റുന്നുവെങ്കിൽ പ്രസ്തുത മാസത്തെ ഹദ്‌യയും കൂടുതലായി ഒരു മാസത്തെ ഹദ്‌യയും നൽകാൻ മാനേജ്മെന്റ് ബാധ്യസ്ഥരായിരിക്കും.
- ഒരു മാസം മുൻപെങ്കിലും അറിയിക്കാതെ മുഅല്ലിം സേവനത്തിൽ നിന്നും ഒഴിവായാൽ പ്രസ്തുത മാസത്തെ ഹദ്‌യയും ലഭിക്കുന്നതല്ല.

12. ശറഇന്ന വിരുദ്ധമായതും വിദ്യാർത്ഥികളുടെ തർബിയ്യത്തിന്ന വിഘാതം സൃഷ്ടിക്കുന്നതുമായ ഗൗരവമേറിയ തെറ്റുകൾ മുഅല്ലിമിന്റെ ഭാഗത്ത് നിന്നും ഉണ്ടായാൽ മുന്നറിയിപ്പില്ലാതെയും ആനുകൂല്യങ്ങൾ നൽകാതെയും മുഅല്ലിമിനെ പിരിച്ചുവിടാൻ മാനേജ്മെന്റിന്ന അവകാശമുണ്ടായിരിക്കും.
13. ദീനിയാത്ത് എഡ്യൂക്കേഷണൽ ബോർഡിന്റെ നേതൃത്വത്തിൽ നടക്കുന്ന പൊതുപരീക്ഷ , പൊതുവായ മറ്റു പ്രോഗ്രാമുകൾ എന്നിവക്ക് ആവശ്യമായ വളണ്ടിയർ സേവനം നൽകുന്നതിന് ആവശ്യമായി വന്നാൽ അധ്യാപകരെ വിട്ടു നൽകേണ്ടതാണ്.
14. മൂന്നോ അതിലധികമോ  മുഅല്ലിമുകൾ ഉള്ള സ്ഥാപനത്തിൽ സ്വദർ മുഅല്ലിമിനെ നിശ്ചയിക്കണം. മദ്രസയിലെ പൊതുവായുള്ള ഉത്തരവാദിത്വം സ്വദർ മുഅല്ലിമിന് ആയിരിക്കും.
15. മുഅല്ലിമുകളുടെ എണ്ണം ഏഴിൽ കൂടുകയാണെങ്കിൽ പ്രിൻസിപ്പാളിനെ നിയമിക്കേണ്ടതാണ്. പ്രിൻസിപ്പാളിനെ അധ്യാപന ചുമതലയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
16. ഉയർന്ന അധ്യാപനശേഷിയും പരിചയസമ്പത്തും സഹായസേവനമനസ്ഥിതിയുമുള്ള മുഅല്ലിമിനെയാണ് സ്വദർ മുഅല്ലിം/പ്രിൻസിപ്പൽ സ്ഥാനങ്ങളിൽ നിയോഗിക്കേണ്ടത്.

17. മുഅല്ലിം,മുഅല്ലിമ നിയമനവും ഒഴിവാക്കലും മുആവിന്റെയും സോൺ കൺവീനറുടെയും അറിവോടെ ആയിരിക്കണം.

## സിലബസ്, ടീച്ചിംഗ് മെത്തേഡ്

1. ദീനിയാത്ത് സിലബസ് അടിസ്ഥാന ദീനീ വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ തയ്യാറാക്കപ്പെട്ടതാണ്. അതിനാൽ ശറഇനു വിരുദ്ധമായ ആശയങ്ങൾ മദ്രസയിൽ പഠിപ്പിക്കാൻ പാടില്ല.
2. ദീനിയാത്ത് മദ്റസ അക്കാദമിക വർഷം ആരംഭിക്കുന്നത് ജൂൺ മാസത്തിലും അവസാനിക്കുന്നത് ഏപ്രിൽ മാസത്തിലും ആയിരിക്കും.
3. ദീനിയാത്ത് എഡ്യൂക്കേഷണൽ ബോർഡ് പ്രസിദ്ധീകരിക്കുന്ന അക്കാദമിക് കലണ്ടർ പ്രകാരം അധ്യയന വർഷവും അവധികളും ക്രമീകരിക്കേണ്ടതാണ്.
4. വിദ്യാർത്ഥികകളുടെ മാനസികോല്ലാസത്തിന് സഹായകമാവും വിധം സ്കൂൾ അവധി ദിനങ്ങൾക്കനുസരിച്ചാണ് ദീനിയാത്ത് മദ്രസാ അവധിയും ക്രമീകരിച്ചിരിക്കുന്നത്
5. ഒരു അദ്ധ്യയന വർഷത്തിൽ അർദ്ധ വാർഷികം, വാർഷികം എന്നീ രണ്ട് പരീക്ഷകൾ ഉണ്ടായിരിക്കും
6. നിശ്ചയിക്കപ്പെട്ട ക്ലാസ്സുകളിൽ പൊതുപരീക്ഷ ഉണ്ടാകുന്നതാണ്. പ്രസ്തുത ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ അതിൽ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.
7. സിലബസിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രാക്ടിക്കൽ ക്ളാസുകൾ , തർബിയത്തിനായി നിശ്ചയിച്ചിരിക്കുന്ന പ്രോഗ്രാമുകൾ എന്നിവ നിർബന്ധമായും നടത്തേണ്ടതാണ്.
8. അധ്യാപനത്തിലും തർബിയത്തിലും പോസിറ്റീവ് ശൈലി സ്വീകരിക്കേണ്ടതാണ്.ഇന്ത്യൻ നിയമം മൂലം നിരോധിക്കപ്പെട്ട മാനസിക

- ശാരീരിക പീഡനങ്ങൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

9. നാട്ടിലെ സാഹചര്യങ്ങളെ പരിഗണിച്ച് സൗകര്യപ്രദമായ പഠന സമയം മദ്രസക്കായി നിശ്ചയിക്കുക

10. ആഴ്ചയിൽ ആറ് ദിവസം ക്ലാസ് ഉണ്ടാകേണ്ടതാണ്.അക്കാഡമിക് കലണ്ടർ അടിസ്ഥാനമാക്കി ആ ദിവസങ്ങളിൽ അധ്യാപനം നടത്തേണ്ടതാണ്.

11. മദ്രസ പ്രവേശന തിയ്യതി ക്ലിപ്തമാക്കേണ്ടതും, കുട്ടികളുടെ പ്രായവും, യോഗ്യത എന്നിവ അടിസ്ഥാനപ്പെടുത്തി തന്നെ പ്രവേശനം നൽകുക.

12. പ്രാദേശിക അവസ്ഥ പരിഗണിച്ച് ഫീസ് നിശ്ചയിച്ച് മദ്രസയെ സ്വയം പര്യാപ്തമാക്കുകയും, ദരിദ്ര വിദ്യാർത്ഥികളുടെ ഫീസ് വക്കാലത്ത് എഴുതി വാങ്ങി സ്പോൺസർ ഷിപ്പിലൂടെയോ മറ്റൊ കണ്ടെത്തുകയും ചെയ്യുക.

13. എല്ലാ ക്ലാസുകളിലും പൂർണ്ണമായും ഗ്രൂപ്പ് ടീച്ചിംഗ് ശൈലി തന്നെ അനുവർത്തിക്കേണ്ടതാണ്. ഒരേ സമയം ഒരു ഉസ്താദിന് ഭാരമാകുന്ന നിലയിലും പഠന നിലവാരം കുറയുന്ന നിലയിലും ഒരേ സമയം ഒന്നിലധികം ക്ളാസുകൾ പഠിപ്പിക്കാൻ ഏൽപ്പിക്കരുത്.

## സൗകര്യങ്ങൾ

1. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നിലവാരം ഉയർത്തുന്നതിൽ അവിടത്തെ ബാഹ്യമായ സംവിധാനങ്ങൾക്ക് വലിയ പങ്കുണ്ട്. അതിനാൽ ആകർഷണീയമായ പഠനാന്തരീക്ഷം ലഭിക്കുന്ന വിധം സൗകര്യങ്ങൾ ചിട്ടപ്പെടുത്താൻ മാനേജ്മെന്റും അധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്.

2. **ക്ലാസ് സൗകര്യങ്ങൾ**

   - വൃത്തിയും ആവശ്യത്തിന് വിശാലതയും ഉള്ള ക്ലാസ് റൂം

- വിരിപ്പ് വിരിച്ച പ്രതലം
- ആകർഷണീയമായ നിറം കൊടുത്ത ചുമരുകൾ
- വെളിച്ചം
- ഫാൻ / എയർ കണ്ടീഷണർ
- വായുസഞ്ചാരം
- പാർട്ടീഷൻ
- ഡസ്ക്
- ബോർഡ്
- ഐഡി കാർഡ്
- ശുചി മുറി
- ബാഗ്
- ഓഫീസ് മുറി
- ചെരുപ്പ് സ്റ്റാന്റ്
- കുടിവെള്ളം
- വുളൂഇനുള്ള സൗകര്യം

3. **മുതിർന്ന പെൺകുട്ടികളുടെ ക്ലാസ്സ്:**

- A.ഒമ്പത് വയസ്സ് മുതൽ മുകളിലോട്ട് പ്രായമുള്ള പെൺ കുട്ടികളുടെ ക്ലാസ്സിന് പൂർണ്ണമായ മറ പാലിച്ച് കൊണ്ട് പ്രത്യേക ബ്ലോക്ക് ഉണ്ടാകണം. അവിടേക്ക് സ്വതന്ത്രമായ വഴിയുണ്ടാകണം.ശറഇയ്യായ മറ പൂർണ്ണമായും.പാലിക്കണം. അവർക്കായി വനിതാ മുഅല്ലിമത്തുകളെ നിശ്ചയിക്കണം. അവിടെ പുരുഷന്മാരുടെ സാന്നിദ്ധ്യം പാടില്ല.

- B. ഒമ്പത് വയസ്സ് പ്രായമായ പെൺകുട്ടികൾ ഒരു ക്ലാസ്സിലും ആൺകുട്ടികളോടൊപ്പം ഇടകലർന്ന് അധ്യയനം പാടില്ല.

4. ദീനിയാത്ത് എഡ്യുക്കേഷണൽ ബോർഡ് നിർദ്ദേശിക്കുന്ന യൂണിഫോം കോഡ് പിന്തുടരേണ്ടതാണ്

**ആൺ കുട്ടികൾക്ക് :-**

- ക്രീം കളർ ജുബ്ബ - പോക്കറ്റിൽ ദീനിയാത്ത് ലോഗോ എംബ്രോയിഡറി
- ബ്ളാക്ക് കളർ പാൻറ്റ് (സെക്കൻറ്ററി)
- ഹാഷ് കളർ പാൻറ് (പ്രൈമറി)
- വെള്ള കളറിലുള്ള തൊപ്പി

**പെൺകുട്ടികൾക്ക് :-**

- പർദ്ദ
- ലൈംഗ്രീൻ കളർ ബോർഡറുള്ള മഫ്ത
- മുതിർന്ന പെൺകുട്ടികൾക്ക് നിഖാബ്

5. സ്ത്രീകൾക്കും മുതിർന്ന പെൺകുട്ടികൾക്കും പ്രത്യേകം യാത്രാ സൗകര്യം ഉണ്ടാകണം.

## പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങൾ

1. ദീനിയാത്ത് സിലബസ് ക്രമത്തിൽ വിദ്യാർത്ഥിയുടെ പഠന - സംസ്കരണ പുരോഗതിയിൽ മാതാപിതാക്കളുടെ ശ്രദ്ധക്കും ഗാർഹികാന്തരീക്ഷത്തിനും വലിയ പങ്കുണ്ട്. ഇക്കാര്യം മാതാപി താക്കളെ കൃത്യമായി ബോധവത്കരിക്കണം.അതിനായി ഒരു വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം പ്രാവശ്യം പാരന്റ്സ്

മീററിംഗും രണ്ട് പ്രാവശ്യം ഓപ്പൺ ഹൌസും നടത്തേണ്ടതാണ്.

2. മദ്രസയുടെ പ്രവർത്തന പുരോഗതി മാതാപിതാക്കളെയും പ്രദേശ വാസികളെയും ധരിപ്പിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും അദ്ധ്യയന വർഷത്തിന്റെ അവസാന ത്തിൽ വാർഷിക പരിപാടി നടത്തേണ്ടതാണ്.
3. വിദ്യാർത്ഥികളുടെ തർബിയത്തിന് സഹായകരമാകും വിധം പ്രദേശവാസികൾക്ക് വേണ്ടിയുള്ള സേവന സന്നദ്ധ പ്രവർത്ത നങ്ങൾ മദ്രസ കേന്ദ്രീകരിച്ച് നടത്താവുന്നതാണ്.
4. മദ്റസയിൽ നടക്കുന്ന എല്ലാ പരിപാടികളും ശറഇയ്യായ മറ പാലിച്ച് കൊണ്ടാകണം. മുതിർന്ന പെൺകുട്ടികൾ അന്യപു രുഷന്മാർക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്ന വിധത്തിലും അന്യ സ്ത്രീ പുരുഷന്മാർ ഇടകലരുന്ന വിധത്തിലും പരിപാടികൾ നടത്താൻ പാടുള്ളതല്ല.
5. കൃത്യമായ ഇടവേളകളിൽ പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും നടത്തപ്പെടുന്ന മത്സര പരിപാടികളിൽ മദ്റസയുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്.
6. മദ്രസയിൽ നിന്നും മുതിർന്ന വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ ഒരുമിച്ചുള്ള യാത്രകൾ പാടില്ല.

## പൊതു നിർദ്ദേശങ്ങൾ

1. നിലവാര വർദ്ധനവിനായി കൃത്യമായ ഇടവേളകളിൽ സെന്റർ മുആവിൻ മദ്രസയിൽ സന്ദർശനം നടത്തുന്നതാണ്.അദ്ദേഹ ത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും മദ്രസയുടെ നിലവാര പരിശോധനക്ക് പൂർണ്ണമായി സഹകരിക്കുകയും ചെ യ്യേണ്ടതാണ്.
2. ഓരോ വിദ്യാർത്ഥിക്കും നിർദ്ദേശിക്കുന്ന അളവിൽ സെന്റർ ഫീസ്, പരീക്ഷ ഫീസുകൾ എന്നിവ സെന്ററിൽ അടക്കേണ്ടതാണ്.

## അഫ്‌ലിയേഷൻ പിൻവലിക്കാൻ കാരണമാകുന്ന കാര്യങ്ങൾ

1. ഇസ്ലാമിക വിരുദ്ധ പ്രവർത്തനങ്ങൾക്ക് മദ്റസ വേദിയാകുക.
2. മദ്റസയിൽ നടക്കുന്ന രക്ഷകർതൃ മീറ്റിംഗ്, ആനുവൽഡേ പോലുള്ള പരിപാടികളിൽ പൂർണ്ണമായ മറ ഇല്ലാതിരിക്കുകയും സ്ത്രീ ,പുരുഷ സമ്പർക്കം ഉണ്ടാവുകയും ചെയ്യുക.
3. മുആവിന്റെ ഉപദേശ നിർദേശങ്ങൾ സ്ഥാപന പുരോഗതിക്കാണെന്ന് മനസ്സിലാക്കാതെ മുആവിന്റെ സന്ദർശന വേളയിൽ പോരായ്മകൾ മറച്ചു വെക്കുകയും പിന്നീട് അത് തെളിവ് സഹിതം വ്യക്തമാകുകയും ചെയ്യുക.
4. 4. പരീക്ഷ , മത്സര പരിപാടികൾ എന്നിവ പോലെ ബോർഡ് കേന്ദ്രീകൃതമായി നടക്കുന്ന കാര്യങ്ങൾക്ക് വിഘാതം വരുത്തുന്ന വിധം പ്രവർത്തിക്കുക. .
5. 5. ദീനിയാത്ത് എഡ്യൂക്കേഷണൽ ബോർഡ് നടത്തുന്ന ഔദ്യോഗിക പ്രോഗ്രാമുകളിൽ തുടർച്ചയായി മദ്രസ പ്രതിനിധികൾ പങ്കെടുക്കാതിരിക്കുക
6. സെന്റർ ഫീസ്, പരീക്ഷ ഫീസ് എന്നിവ കൃത്യമായി അടക്കാതിരിക്കുക
7. മാനേജ്മെന്റിൽ നിന്നും അധ്യാപകരിൽ നിന്നും മദ്രസയുടെ നിലവാരത്തെ ബാധിക്കുന്ന വീഴ്ചകൾ ഉണ്ടാകുമ്പോൾ അത് തിരുത്താൻ ആവശ്യപ്പെട്ടിട്ടും തുടർച്ചയായി അവഗണിക്കുന്ന സാഹചര്യം ഉണ്ടാവുക
8. മേൽ പറയപ്പെട്ട നിർദ്ദേശങ്ങളോടൊപ്പം സമയാ സമയങ്ങളിൽ ബോർഡിന്റെ ഭാഗത്ത് നിന്ന് ലഭിക്കുന്ന എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

# ലഘുപരിചയവും,
# നിയമാവലിയും

DEENIYAT
EDUCATIONAL
BOARD

കായംകുളം, ആലപ്പുഴ, കേരള, പിൻ : 690 502